**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41** **28-01-2026 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് വർദ്ധനവും ഭൂമി തരംമാറ്റ നടപടികളിലെ കാലതാമസവും നിർമ്മാണ മേഖലയിൽ പ്രതിസന്ധിക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് 10/04/2023 തീയതിയായി കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, സൂക്ഷ്മ പരിശോധന ഫീസ്, അപേക്ഷ ഫീസ് എന്നിവ വർദ്ധിപ്പിച്ചിരുന്നുവെങ്കിലും ആയത് നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 01/08/2024 തീയതിയായി ഈ ഫീസുകൾ കുറവ് വരുത്തിയിട്ടുണ്ട്. |
| (ബി) | വിവിധ സർക്കാർ മേഖലകളിലെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ഈ മേഖലയെ തളർത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര നയങ്ങൾ മൂലമുണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ "*കലവറ*" എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ മേഖലയ്ക്കാവശ്യമായ കരിങ്കല്ല്, മലബാർ സിമന്റ്സിൽ നിന്നും ടെണ്ടർ മുഖേന നല്കി വരുന്നു. കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ പാലക്കാട് ജില്ലയിലെ മീങ്കര, വാളയാർ ഡാമുകളിൽ നിന്നും മണൽ നീക്കം ചെയ്ത്, മിതമായ നിരക്കിൽ സർക്കാർ ഇ-പോർട്ടൽ വഴി വിൽപ്പന നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിയ്ക്കാൻ ജില്ലാ തലത്തിൽ, ഉദ്യോഗസ്ഥരുമായും ഉത്പാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്ന തിനാവശ്യമായ നടപടികൾ ജില്ലാ കലക്ടർമാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ